(ബി) എങ്കിൽ ബോഡി നിർമ്മാണത്തിൽ സംഭവിച്ച അപാകത സംബന്ധിച്ച് സർക്കാർ അന്വേഷണം നടത്തിയിട്ടുണ്ടോ;

(സി) കെ.എസ്.ആർ.ടി.സി. ബസ്സുകളുടെ ബോഡി നിർമ്മിച്ചിട്ടുള്ളത് മോട്ടോർവാഹന നിയമത്തിലെ ഏതെങ്കിലും വ്യവസ്ഥകൾ ലംഘിച്ചുകൊണ്ടാണോ;

(ഡി) സ്വന്തമായി ബോഡി നിർമ്മിക്കാനുള്ള വർക്ക്ഷോപ്പ് ഉണ്ടായിരിക്കെ സംസ്ഥാനത്തിന് പുറത്തുള്ള സ്വകാര്യസ്ഥാപനങ്ങളിൽ ബോഡി നിർമ്മിച്ചതിന്റെ കാരണം വ്യക്തമാക്കുമോ?

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. ആർ. ബാലകൃഷ്ണപിള്ള):

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

(സി) ലംഘിച്ചുകൊണ്ടല്ല. മിനി ബസ്സുകളുടെയും, ഡീലക്സ് ബസ്സുകളുടെയും ബോഡി നിർമ്മാണത്തിൽ ചില മാറ്റങ്ങൾ വരുത്തിയിട്ടുണ്ട്. ഇതിന് ഗവൺമെന്റിൽ നിന്നും മുൻകൂട്ടി അനുവാദം വാങ്ങിയിട്ടുണ്ട്.

(ഡി) HUDCO-യിൽ നിന്നും മറ്റും ലോൺ എടുത്ത് 850 പുതിയ ബസ്സുകളാണ് നിർമ്മിക്കേണ്ടിയിരുന്നത്, എന്നാൽ ഈ കാലയളവിൽ 140 ഹൈടെക് ബസ്സുകൾ നിർമ്മിക്കാനുള്ള സൗകര്യങ്ങൾ മാത്രമേ കെ.എസ്.ആർ.ടി.സി. വർക്ക് ഷോപ്പുകളിൽ ഉണ്ടായിരുന്നുള്ളൂ. അതുകൊണ്ടാണ് ബോഡി ബിൽഡിംഗ് പ്രമുഖ ബോഡി നിർമ്മാതാക്കളെ ഏൽപ്പിക്കുവാനുള്ള സാഹചര്യം ഉണ്ടായത്.

കെ. എസ്. ആർ. ടി. സി. ബസ്സ് സ്റ്റാന്റ് നവീകരണം

*6 [236] ശ്രീ. എം. പി. ഗംഗാധരൻ:
,, എ. കെ. മണി:
,, പ്രയാർ ഗോപാലകൃഷ്ണൻ:
,, ഡി. സുഗതൻ:

ശ്രീമതി രാധാരാഘവൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗതവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) കെ.എസ്.ആർ.ടി.സി. ഏതെല്ലാം ബസ്സ് സ്റ്റാന്റുകളാണ് നവീകരിക്കുവാൻ ഉദ്ദേശിക്കുന്നത്;

(ബി) തിരുവനന്തപുരം സെൻട്രൽ ബസ്സ് സ്റ്റാന്റ് നവീകരിക്കുവാൻ ഉദ്ദേശമുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(സി) ഇന്റർ-സ്റ്റേറ്റ് ബസ്സ് ടെർമിനൽ ഈഞ്ചക്കലേയ്ക്ക് മാറ്റുന്നുണ്ടോ;

(ഡി) എങ്കിൽ അതിനുള്ള സ്ഥലമെടുപ്പ് നടത്തിയോ;

(ഇ) തിരുവനന്തപുരം സെൻട്രൽ ബസ്സ് സ്റ്റാന്റിനും, വർക്ക്ഷോപ്പിനുംകൂടി എത്ര സ്ഥലമാണ് നീക്കിവെച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. ആർ. ബാലകൃഷ്ണപിള്ള):

(എ—സി) 'തീരപഥം' പദ്ധതിയിൽ ഉൾപ്പെടുത്തി തിരുവനന്തപുരം സെൻട്രൽ ബസ് സ്റ്റാന്റ് നവീകരിക്കുവാനും ഈഞ്ചക്കലിൽ സൗകര്യപ്രദമായ ഒരു പുതിയ ബസ് സ്റ്റാന്റ് ആരംഭിക്കുവാനും ഉദ്ദേശമുണ്ട്. ബി.ഒ.ടി. അടിസ്ഥാനത്തിൽ മേൽപ്പറഞ്ഞ പദ്ധതികൾ ഏറ്റെടുത്ത് നടപ്പാക്കാനുള്ള സാദ്ധ്യത ആരാഞ്ഞുവരികയാണ്. ഈ കാര്യത്തിൽ അന്തിമ തീരുമാനം എടുത്തിട്ടില്ല.

(ഡി) സ്ഥലമെടുപ്പിനുള്ള പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുണ്ട്.

(ഇ) കെ.എസ്.ആർ.ടി.സി.-യ്ക്ക് തിരുവനന്തപുരം സെൻട്രൽ ബസ് സ്റ്റേഷനിൽ ആകെ 7.25 ഏക്കർ സ്ഥലമുണ്ട്. ഇത് ബസ് സ്റ്റാന്റിനും വർക്ക് ഷോപ്പിനുമായി തരം തിരിച്ചിട്ടില്ല.

വിഴിഞ്ഞം അന്താരാഷ്ട്ര ആഴക്കടൽ ട്രാൻസ്ഷിപ്പ്മെന്റ് ടെർമിനൽ വികസന പദ്ധതി

*7 [237] ശ്രീ. തോമസ് ചാഴികാടൻ:

,, റോഷി അഗസ്റ്റിൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) വിഴിഞ്ഞം അന്താരാഷ്ട്ര ആഴക്കടൽ ട്രാൻസ്ഷിപ്പ്മെന്റ് ടെർമിനൽ വികസന പദ്ധതിയുടെ പുരോഗതിയെ സംബന്ധിച്ച് വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട് മുതൽ മുടക്കാൻ ഏതെങ്കിലും ഏജൻസികൾ തയ്യാറായിട്ടുണ്ടോ; എങ്കിൽ അവരുമായി ചർച്ച നടത്തിയിട്ടുണ്ടോ;

(സി) എങ്കിൽ ഏജൻസിയുടെ പേരും വിവരവും ചർച്ചയുടെ വിശദാംശങ്ങളും വെളിപ്പെടുത്തുമോ;

(ഡി) ഇത് എന്ന് പ്രാവർത്തികമാക്കാൻ കഴിയുമെന്ന് അറിയിക്കാമോ?

സഹകരണവും തുറമുഖവും വകുപ്പുമന്ത്രി (ശ്രീ. എം. വി. രാഘവൻ):

(എ) ഈ പദ്ധതിയ്ക്കുവേണ്ടി ചെന്നൈയിലെ എൽ ആന്റ് റ്റി. റാംബോൾ കൺസൾട്ടിംഗ് എഞ്ചിനിയേഴ്സ് ലിമിറ്റഡ് എന്ന സ്ഥാപനം ഒരു വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ 23-12-2003-ൽ തൽപരരായ നിക്ഷേപകരെ ക്ഷണിച്ചുകൊണ്ട് പത്ര പരസ്യം നൽകി. ഇതിന്റെ ഫലമായി 11 ഏജൻസികൾ താൽപര്യം പ്രകടിപ്പിക്കുകയും 2004 ഫെബ്രുവരി മാസത്തിൽ ഇവരെ പങ്കെടുപ്പിച്ചുകൊണ്ട് ഒരു നിക്ഷേപക സമ്മേളനം നടത്തുകയും ചെയ്തു. തുടർന്ന് തുറമുഖ വകുപ്പിൽ നിന്നും ഇതുവരെ 7 ഏജൻസികൾ ദർഘാസുകൾ സമർപ്പിക്കുവാൻ ആർ.എഫ്.പി. (റിക്വസ്റ്റ് ഫോർ പ്രൊപ്പോസൽ) ഡോക്കുമെന്റുകൾ വാങ്ങിയിട്ടുണ്ട്. 2004 ആഗസ്റ്റ് 25 ആണ് ദർഘാസുകൾ ലഭിക്കേണ്ട അവസാന തീയതി. തുടർന്ന് അവ പരിശോധിച്ച് അനുയോജ്യമായ പങ്കാളിയെ കണ്ടെത്തി സർക്കാരുമായി യോജിച്ച് പദ്ധതി നടപ്പിലാക്കുവാനാണ് ഉദ്ദേശിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly